"ഭരണഭാഷ-മാതൃഭാഷ"

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 14-06-2019

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം - എയ്ഡഡ് - 2019-20 അധ്യയന വർഷം മുതൽ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരം 'സമന്വയ' വഴി ഓൺലൈൻ ആയി നിർവഹിക്കുന്നതു സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന : 1) 31-05-2019 ലെ സ.ഉ (കൈ) നമ്പർ 51/2019/പൊ.വി.വ

2) ഈ കാര്യാലയത്തിൽ നിന്നുള്ള 16-05-2019 ലെ ഇതേ നമ്പർ കത്ത്

3) ഈ കാര്യാലയത്തിൽ നിന്നുള്ള 04-06-2019 ലെ ഇതേ നമ്പർ കത്ത്

4) ഈ കാര്യാലയത്തിൽ നിന്നുള്ള 10-06-2019 ലെ ഇതേ നമ്പർ കത്ത്

5) ഈ കാര്യാലയത്തിൽ നിന്നുള്ള 13-05-2019 ലെ ഉത്തരവ് നമ്പർ എച്ച്2/21500/2018/ഡി.പി.ഐ

6) ഈ കാര്യാലയത്തിൽ നിന്നുള്ള 25-05-2019 ലെ കത്ത് നമ്പർ എച്ച്2/21500/2018/ഡി.പി.ഐ

2019-20 അധ്യയന വർഷം മുതൽ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും തസ്തികനിർണയവും കൈറ്റിന്റെ സഹായത്തോടെ നിർമ്മിച്ച സോഫ്റ്റ്‌വെയർ ആയ 'സമന്വയ' വഴി ഓൺലൈൻ ആയി നിർവഹിക്കുവാൻ സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. 'സമന്വയ'യുടെ ഔപചാരികമായ ഉദ്ഘാടനം 11-06-2019 ന് ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നിയമസഭയിലെ അദ്ദേഹത്തിന്റെ ചേംബറിൽ വച്ച് നിർവഹിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും സുപ്രധാനമായ ഒരു മാറ്റത്തിനാണ് ഇതുവഴി നാം നാന്ദി കുറിച്ചത്. ഇതിലൂടെ എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാര പ്രക്രിയ കൂടുതൽ സുതാര്യമാവുകയും കൂടുതൽ വേഗതയാർജിക്കുകയും ചെയ്യും. സംതൃപ്തമായ ഒരധ്യാപകസമൂഹത്തിന്റെയും അതിലൂടെ സംതൃപ്തമായ ഒരു വിദ്യാർത്ഥിസമൂഹത്തിന്റെയും നിർമ്മിതിക്ക് 'സമന്വയ' ഫലപ്രദമായി വഴിയൊരുക്കും എന്ന കാര്യത്തിൽ സംശയമില്ല. 'സമന്വയ' വഴിയുള്ള നിയമനാംഗീകാരം സംബന്ധിച്ച് താഴെപറയുന്ന പൊതുനിർദേശങ്ങൾ നൽകുന്നു.

1) മാനേജർമാർക്ക് യൂസർ ഐ.ഡി, പാസ്‌വേർഡ് എന്നിവ നൽകുന്നതിനുള്ള വിശദമായ നിർദേശങ്ങൾ സൂചന (3) ലെ കത്ത് വഴി എല്ലാവർക്കും നൽകിയിരുന്നു. ഈ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടാകും എന്നു കരുതുന്നു.

മാനേജുമെന്റ് തർക്കം മൂലമോ മറ്റ് കാരണങ്ങളാലോ നിയമനാംഗീകാരമില്ലാതെ തുടരുന്ന മാനേജർമാർക്ക് യൂസർ ക്രിയേഷൻ നടത്തി നൽകേണ്ടതില്ല. എന്നാൽ മാനേജരുടെ നിയമനാംഗീകാരത്തിനുള്ള അപേക്ഷ നമ്മുടെ ഏതെങ്കിലും ഓഫീസിൽ പെന്റിംഗ് ആയുള്ള കേസുകളിൽ അത്തരം മാനേജർമാരോട് നിയമന പ്രൊപ്പോസൽ മുൻകാലത്തെ പോലെ യഥാസമയം രേഖാമൂലം സമർപ്പിക്കാൻ നിർദേശിക്കേണ്ടതും ഇപ്രകാരം ലഭിക്കുന്ന പ്രൊപ്പോസലുകൾ യൂസർ ഐ.ഡി ലഭിക്കുന്ന മുറയ്ക്ക് 'സമന്വയ' വഴി

പുനർസമർപ്പിക്കാൻ അറിയിച്ചുകൊണ്ട് തിരികെ നൽകേണ്ടതുമാണ്. മാനേജർക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് യൂസർ ക്രിയേഷൻ നടത്തേണ്ടതും ഓഫീസിൽ നിന്ന് തിരികെ നൽകിയ പ്രൊപ്പോസൽ 'സമന്വയ' വഴി പുനഃസമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതുമാണ്. (ഇപ്രകാരം പുനർസമർപ്പിക്കുമ്പോൾ പ്രൊപ്പോസൽ തിരികെ അയച്ച കത്തിന്റെ പകർപ്പ് കൂടി മാനേജർ അതിൽ ഉൾപ്പെടുത്തേണ്ടതാണ്.) ഉടമസ്ഥാവകാശമില്ലാതെ, മാനേജുമെന്റ് നിയമാവലിയിലെ വ്യവസ്ഥ പ്രകാരം മാനേജർ മാറുമ്പോൾ അത്തരം മാറ്റങ്ങൾക്ക് വേഗത്തിൽ അംഗീകാരം നൽകി യൂസർ ക്രിയേഷൻ നടത്താൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ശ്രദ്ധിക്കേണ്ടതാണ്. മാനേജുമെന്റ് തർക്കം മൂലം വിദ്യാഭ്യാസ ഓഫീസർമാരെയും മറ്റും (AEO/DEO/DDE etc) മാനേജരായി നിയോഗിച്ചിട്ടുള്ള സ്കൂളുകളിൽ അവരെത്തന്നെ മാനേജരാക്കി യൂസർ ക്രിയേഷൻ നടത്തേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ, വിദ്യാഭ്യാസ ഓഫീസറായുള്ള യൂസർ ക്രിയേഷനിൽ ഉപയോഗിച്ച മെയിൽ ഐ.ഡി, മൊബൈൽ നമ്പർ മുതലായവ വീണ്ടും ഉപയോഗിക്കരുതെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.)

2) 01-06-2019 മുതൽ എയ്ഡഡ് സ്കൂളുകളിൽ നടത്തുന്ന നിയമനങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനുള്ള പ്രൊപ്പോസലുകൾ മാനേജർമാർ സമർപ്പിക്കേണ്ടതും ആയതിന്മേൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ തീരുമാനമെടുക്കേണ്ടതും 'സമന്വയ' വഴി മാത്രമായിരിക്കണം. മുമ്പ് നിരസിക്കപ്പെട്ട പ്രൊപ്പോസലുകൾ അനുകൂല അപ്പലേറ്റ് ഉത്തരവു പ്രകാരം ഇനി പുനർസമർപ്പിക്കപ്പെടുകയാണെങ്കിൽ അതും 'സമന്വയ' വഴി മാത്രമാണ് വിദ്യാഭ്യാസ ഓഫീസർമാർ പരിഗണിക്കേണ്ടത്. നിലവിലുള്ള ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി നടത്തുന്ന നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ <u>15-06-2019 മുതൽ മാനേജർമാർക്ക് 'സമന്വയ' വഴി സമർപ്പിക്കാവുന്നതാണ്</u>. (01-06-2019 മുതൽ നടത്തിയ നിയമനങ്ങൾ ഇപ്രകാരം 15-06-2019 മുതൽ 'സമന്വയ' വഴി സമർപ്പിക്കുമ്പോൾ കാലതാമസം ഉണ്ടാകുന്ന കേസുകളിൽ കെ.ഇ.ആർ അധ്യായം XIV-A, ചട്ടം 8(1) ൽ നിഷ്കർഷിക്കുന്ന സമയപരിധിയിൽ ഇളവനുവദിക്കണമെന്ന് സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.) 'സമന്വയ' വഴി അല്ലാതെ ഇതുവരെ ലഭിച്ച അപേക്ഷകൾ ഉടൻ തന്നെ മാനേജർക്ക് തിരികെ നൽകേണ്ടതും ആയത് 'സമന്വയ' വഴി ഓൺലൈൻ ആയി സബ്മിറ്റ് ചെയ്യുവാൻ നിർദേശിക്കേണ്ടതുമാണ്. ഇത്തരത്തിൽ പുനർസമർപ്പിക്കപ്പെടുന്ന അപേക്ഷ പരിഗണിക്കുമ്പോൾ അത് ആദ്യം ഓഫീസിൽ ലഭിച്ച തീയതി 'സമന്വയ' നോട്ടിൽ രേഖപ്പെടുത്തി തുടർ നടപടികൾ സ്വീകരിക്കണം.

3) നിയമനാംഗീകാരത്തിനാവശ്യമായ രേഖകൾ തയ്യാറാക്കി **https://samanwaya.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ അതാത് വിദ്യാഭ്യാസ ഓഫീസിൽ നിന്നു ലഭിച്ച യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്താണ് മാനേജർമാർ പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. നിയമനം സംബന്ധിച്ച എല്ലാ രേഖകളും സർട്ടിഫിക്കറ്റുകളും (അപ്പോയിന്റ്മെന്റ് ഓർഡർ, സി.എസ് സ്റ്റേറ്റ്മെന്റ്, മാനേജരുടെ ഡിക്ലറേഷൻ, നിയമിക്കപ്പെട്ടയാളിന്റെ ഡിക്ലറേഷൻ, സ്വഭാവ സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റുകൾ, ജോയിനിംഗ് ഡ്യൂട്ടി സർട്ടിഫിക്കറ്റ് തുടങ്ങിയവ) പൂർണരൂപത്തിൽ **1 MB** യിൽ കവിയാത്ത

പി.ഡി.എഫ് ഫയലാക്കി കമ്പ്യൂട്ടറിൽ സേവ് ചെയ്തതിനു ശേഷം അപ്‌ലോഡ് ചെയ്ത് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർക്ക് സബ്മിറ്റ് ചെയ്യണം. അതോടെ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കൽ നടപടി പൂർത്തിയാകുന്നു. ഏതെങ്കിലും മാനേജർമാർക്ക് നിയമനാംഗീകാര പ്രൊപ്പോസൽ യഥാസമയം 'സമന്വയ' വഴി സമർപ്പിക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടാവുകയാണെങ്കിൽ അവരുടെ അപേക്ഷ സമർപ്പിക്കുന്നതിന് അതാത് വിദ്യാഭ്യാസ ഓഫീസുകളുടെ സാങ്കേതിക സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനായി പരിശീലനം സിദ്ധിച്ച ഒരു ജീവനക്കാരനെ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ചുമതലപ്പെടുത്തേണ്ടതും അക്കാര്യം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഇക്കാര്യത്തിനായി ഓഫീസിനെ സമീപിക്കുന്ന മാനേജർമാർക്ക് എല്ലാ സഹായ സഹകരണങ്ങളും ലഭിച്ചു എന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

4) മാനേജർമാർ ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷ ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പി.എ യുടെ ഇൻബോക്സിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ ഇൻബോക്സിലും ആണ് എത്തുന്നത്. ടി. ഉദ്യോഗസ്ഥർ സൈറ്റിൽ പ്രവേശിച്ച് അപേക്ഷ പരിശോധിച്ച് ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിനു ഫയൽ അയക്കുന്നതോടെ ഓഫീസിലെ നടപടികൾ ആരംഭിക്കുകയായി. 'സമന്വയ' സിസ്റ്റം പ്രാബല്യത്തിൽ വരുന്നതോടെ നിയമനാംഗീകാരം പൂർണമായും ഓൺലൈൻ ആയി നിർവഹിക്കപ്പെടുന്നതിനാൽ ഫയലുകൾക്ക് 'സമന്വയ'യിൽ നിന്നു തന്നെ നമ്പർ ജനറേറ്റ് ചെയ്യുന്നതാണ്. ഈ ഫയലുകളുടെ വിവരങ്ങൾ തൻപതിവേടിൽ ഉൾപ്പെടുത്തേണ്ടതില്ല. ഇത്തരം ഫയലുകളുടെ ആവശ്യത്തിനായി അപേക്ഷകളുടെ പേപ്പർ രൂപത്തിലുള്ള പകർപ്പ് മാനേജരിൽ നിന്ന് ആവശ്യപ്പെടുകയുമരുത് (യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ ഒഴികെ).

5) 'സമന്വയ'യിൽ (നിയമനാംഗീകാരം) ഓൺലൈൻ മാത്രമായല്ലാതെ സമർപ്പിക്കപ്പെടുന്നത് യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ മാത്രമാണ്. യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ സമർപ്പിക്കേണ്ടി വരുന്ന നിയമനങ്ങളെ സംബന്ധിച്ച് അവയുടെ സമർപ്പണത്തിനും പരിശോധനയ്ക്കും കൃത്യമായ പരിപാടി തയ്യാറാക്കി ബന്ധപ്പെട്ടവർക്ക് അറിയിപ്പ് നൽകണം. <u>'സമന്വയ'യിൽ അധ്യാപക, അനധ്യാപകരുടെ നിയനാംഗീകാരത്തിനുള്ള പ്രൊപ്പോസൽ ലഭിച്ച് 15 ദിവസത്തിനുള്ളിലുള്ള ഏതെങ്കിലും ഒന്നോ രണ്ടോ ദിവസം തീരുമാനിച്ച് അന്നേ ദിവസം അസ്സൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഓഫീസിലെത്താൻ മാനേജർക്കും നിയമനം ലഭിച്ച ആളിനും അറിയിപ്പ് നൽകേണ്ടതും അവ കൃത്യമായി പരിശോധിച്ച് വിവരം 'സമന്വയ'യിൽ രേഖപ്പെടുത്തി അന്നേ ദിവസം തന്നെ സർട്ടിഫിക്കറ്റുകൾ തിരികെ നൽകേണ്ടതുമാണ്.</u> സർട്ടിഫിക്കറ്റ് പരിശോധനാ ദിവസം ക്ലാർക്കു മുതൽ എ.ഇ.ഒ/ഡി.ഇ.ഒ വരെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരെല്ലാം ഓഫീസിൽ നിർബന്ധമായും ഹാജരായിരിക്കേണ്ടതും സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതി ബോധ്യപ്പെടേണ്ടതുമാണ്.

<u>എന്നാൽ ഏതെങ്കിലും പ്രഥമാധ്യാപക പ്രൊമോഷന്റെ കാര്യത്തിൽ സർട്ടിഫിക്കറ്റ് പരിശോധന ആവശ്യമായി വരുന്നെങ്കിൽ (ഉദാ:- സർവീസ് ബുക്കിൽ ചേർത്തിട്ടില്ലാത്ത</u>

ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് യോഗ്യത മുതലായവ) ആയത് 'സമന്വയ'യിൽ പ്രൊപ്പോസൽ ലഭിച്ചതിന്റെ തൊട്ടടുത്ത ദിവസം തന്നെ നടത്തേണ്ടതാണ്.

മേൽപറഞ്ഞ പ്രകാരമല്ലാതെ സർട്ടിഫിക്കറ്റുകൾ ശേഖരിച്ച് അവ നിയമനാംഗീകാര പ്രക്രിയയുടെ അന്ത്യഘട്ടം വരെ ഓഫീസിൽ തന്നെ സൂക്ഷിക്കാനോ അതിന്റെ പരിശോധനയ്ക്കായി മറ്റൊരു പേപ്പർ ഫയൽ സൃഷ്ടിക്കാനോ പാടില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

'സമന്വയ'യുടെ ആദ്യവർഷമായതിനാലും നമ്മുടെ ഉദ്യോഗസ്ഥരെല്ലാം അത് കൂടുതൽ പരിചയപ്പെടേണ്ടതുള്ളതിനാലും 2019 ജൂൺ മുതൽ ജൂലൈ 15 വരെ മാനേജർമാർ നടത്തുന്ന നിയമനങ്ങളുടെ അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന ജൂലൈ 15 നു ശേഷമുള്ള ഒരാഴ്ചയ്ക്കുള്ളിൽ നടത്തിയാൽ മതിയാവുന്നതാണ് (അസ്സൽ സർട്ടിഫിക്കറ്റ് പരിശോധന ആവശ്യമുള്ള പ്രഥമാധ്യാപകരുടേതൊഴികെ).

6) അംഗീകരിക്കപ്പെട്ടതോ നിരസിക്കപ്പെട്ടതോ ആയ ഉത്തരവുകൾ, വിദ്യാഭ്യാസ ഓഫീസർക്ക് ഡിജിറ്റൽ സിഗ്നേച്ചർ സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് മാനേജർമാർക്ക് 'സമന്വയ' ലോഗിൻ വഴി തന്നെ ലഭ്യമാകുന്നതാണ്. എന്നാൽ ഇപ്പോൾ ഡിജിറ്റൽ സിഗ്നേച്ചർ സൗകര്യം ഇല്ലാത്ത തിനാൽ വിദ്യാഭ്യാസ ഓഫീസറുടെ ഒപ്പു രേഖപ്പെടുത്തിയ ഉത്തരവിന്റെ പ്രിന്റൗട്ട് മാനേജർക്ക് ലഭിച്ചു എന്ന വിവരം ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

7) 'നിയമനാംഗീകാര രജിസ്റ്റർ' 'സമന്വയ'യിൽ തന്നെ ലഭ്യമാക്കാൻ കഴിയുമെന്നതിനാൽ 'സമന്വയ' വഴി അംഗീകാരം നൽകുന്ന നിയമനങ്ങളുടെ വിവരങ്ങൾ സെക്ഷനിൽ നിലവിലുള്ള നിയമനാംഗീകാര രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതില്ല. അതുപോലെ തന്നെ 'സമന്വയ' വഴി ലഭിക്കുന്ന പ്രൊപ്പോസലുകൾ പ്രയോറിറ്റി രജിസ്റ്ററിലും ഉൾപ്പെടുത്തേണ്ടതില്ല.

8) 'സമന്വയ'യുടെ പ്രവർത്തനം വിശദമാക്കുന്ന യൂസർ ഗൈഡ് മാനേജർമാക്കും ഉദ്യോഗ സ്ഥർക്കും സൈറ്റിൽ നിന്നു തന്നെ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

9) അഭിനന്ദനീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഐ.റ്റി അഡ്മിൻമാരും, സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ മാസ്റ്റർ ട്രെയിനർമാരും, കൈറ്റ് സാങ്കേതിക വിദഗ്ദ്ധരും 'സമന്വയ'യുടെ കുറ്റമറ്റ പ്രവർത്തനത്തിനായി അക്ഷീണം പ്രയത്നിക്കുന്നുണ്ട്. ഇവരുടെ സേവനം പ്രയോജനപ്പെടുത്തി വിവിധ തലങ്ങളിലെ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു. പ്രായോഗിക ഘട്ടങ്ങളിൽ ഓരോ തലത്തിലുമുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഇവരുടെ വാട്സ് ആപ് കൂട്ടായ്മ വഴി ഉടനുടൻ പരിഹാരം കാണുന്നുണ്ട്. സംസ്ഥാനത്തെ സ്കൂൾ മാനേജർമാർക്ക് 'സമന്വയ' സംബന്ധിച്ച് എന്ത് സംശയമുണ്ടായാലും തുടർ പരിശീലനം ആവശ്യമാണെങ്കിലും നോഡൽ ഓഫീസർമാരെയോ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ മാസ്റ്റർ ട്രെയിനർമാരെയോ സമീപിക്കാവുന്നതാണ് (നോഡൽ ഓഫീസർമാരുടെ മേൽവിലാസവും ഫോൺ നമ്പരും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ - **www.education.kerala.gov.in** - പ്രസിദ്ധീകരി ച്ചിട്ടുണ്ട്. വെബ്സൈറ്റിലെ DGE Announcements എന്ന ലിങ്കിലുള്ള, സൂചന (5) ലെ ഉത്തരവും (6) ലെ കത്തും കാണുക).

തസ്തികനിർണയവും നിയമനാംഗീകാരവും പൂർണമായും സുതാര്യവും സത്വരവുമാക്കുന്ന വലിയ പരിഷ്കാരങ്ങളിലേക്കുള്ള ചെറിയൊരു ചുവടുവയ്പാണ് 'സമന്വയ'. എല്ലാ തലങ്ങളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരുടെയും മാനേജർമാരുടെയും വിലയേറിയ അഭിപ്രായങ്ങൾ കൂടി ലഭിക്കുമ്പോൾ 'സമന്വയ' ഇനിയും വളരുക തന്നെ ചെയ്യും. നമ്മുടെ വകുപ്പിലെ കർമ്മനിരതരും സമർത്ഥരുമായ ജീവനക്കാരും കൈറ്റിലെ അർപ്പണബോധമുള്ള സാങ്കേതിക വിദഗ്ദ്ധരും 'സമന്വയ'യുടെ ശൈശവദിശയിൽ കാട്ടുന്ന താല്പര്യവും ആത്മാർത്ഥതയും അക്കാര്യം ഉറപ്പാക്കുന്നുണ്ട്.

വിദ്യാഭ്യാസ വകുപ്പിന്റെ ഈ അഭിമാന സോഫ്റ്റ്‌വെയർ ഞാൻ നിറഞ്ഞ സന്തോഷത്തോടെ അതിന്റെ യഥാർത്ഥ അവകാശികൾക്ക് സമർപ്പിക്കുന്നു.

**ജീവൻബാബു കെ ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ :

1) സംസ്ഥാനത്തെ എല്ലാ സ്കൂൾ മാനേജർമാരും
(വിദ്യാഭ്യാസ ഓഫീസർ/ വെബ്സൈറ്റ് വഴി)
2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
4) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
5) എല്ലാ സ്കൂൾ പ്രഥമാധ്യാപകരും
(വിദ്യാഭ്യാസ ഓഫീസർ/ വെബ്സൈറ്റ് വഴി)
6) എല്ലാ 'സമന്വയ' സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരും

പകർപ്പ് :

1) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര
(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
2) പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ), പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്), പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്) എന്നിവരുടെ സി.എ മാർക്കും
3) ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും